തലശ്ശേരി–പുൽപ്പള്ളി സ്റ്റേഷനാക്രമണ കേസ്സ് പിൻവലിക്കൽ

* 66. [169] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ :

(എ) തലശ്ശേരി–പുൽപ്പള്ളി സ്റ്റേഷനാക്രമണ കേസ്സ് പിൻവലിച്ചിട്ട് പുതിയ ചാർജ്ജുകൾ നൽകി കേസ്സ് നടത്തുവാൻ ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട് ;

(സി) നിരപരാധികളായ ആളുകളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ടോ ;

(ഡി) ഇതിലേക്കുള്ള കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ചാർജ് ചെയ്യുന്നതിനും പോലീസ് നിഷ്പക്ഷമായ നയം സ്വീകരിച്ചിട്ടില്ലെന്ന് പരാതിയുള്ളതായി അറിയാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പ്രസ്തുത സംഭവത്തോട് നേരിട്ട ബന്ധപ്പെടാത്ത ആരെയെങ്കിലും കേസ്സിൽ പ്രതികളാക്കിയിട്ടുണ്ടെങ്കിൽ, അങ്ങിനെയുള്ളവരുടെ പേരിലുള്ള കേസ് പിൻവലിക്കാൻ കോടതിയോട് അനുമതി ആവശ്യപ്പെടാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇല്ലാ.

അദ്ധ്യാപക സമരം

* 67. [170] ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്വകാര്യ കോളേജുകളിലും ഇക്കഴിഞ്ഞ ദിവസങ്ങളിൽ ദീർഘനാളുകൾ അദ്ധ്യാപക സമരങ്ങൾ നടന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സമരങ്ങൾ അവസാനിപ്പിക്കുന്നതിന് ഗവണ്മെന്റ് എന്തെങ്കിലും ശ്രമം നടത്തുകയുണ്ടായോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടത് സർവ്വകലാശാലയാണ്. സമരങ്ങൾ അവസാനിപ്പിക്കുന്നതിന് ഗവണ്മെന്റ് ആവുംവിധം ശ്രമിച്ചിട്ടുണ്ട്.

നഴ്സുകൾക്കുണ്ടായിരുന്ന മെസ്–ഡോബി അലവൻസ്

* 68. [172] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേക്കമ്മീഷൻ റിപ്പോർട്ടിൽ നഴ്സുകൾക്കുണ്ടായിരുന്ന മെസ്–ഡോബി അലവൻസ് നിറുത്തലാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം എത്ര രൂപയാണ് അവരുടെ വരുമാനത്തിൽ കുറവു വരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly